**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1473** **07.06.2018 ൽ മറുപടിയ്ക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.ടി. തോമസ്** | **ശ്രീ.ഇ. ചന്ദ്രശേഖരൻ** |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **ശ്രീ. വി.ഡി.സതീശൻ** | |
| **ശ്രീ.വി.ടി.ബൽറാം** | |

**നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധി**

| | | |
|---|---|---|
| (എ) | കുറിഞ്ഞി മല നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധിയിൽ നിന്നും കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം ബ്ലോക്ക് നമ്പറിൽപ്പെടുന്ന സ്ഥലവും വട്ടവട വില്ലേജിലെ 62-ാം നമ്പർ ബ്ലോക്കിൽപ്പെടുന്ന സ്ഥലവും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ), (ബി) & (സി) 10/5/2018ലെ സ.ഉ.(കൈ)178/2018/റവ നമ്പർ ഉത്തരവ് പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി മാത്രം ഒഴിവാക്കി ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂഭൂമി കൂടി ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണയം ചെയ്യാനാണ് ഉത്തരവായിട്ടുള്ളത്.<br>16/2/2015 ലെ സ.ഉ.(എം.എസ്)69/2015/റവ നമ്പർ ഉത്തരവ് ദൈനംദിന ജനജീവിതം ദുസഹമാക്കിയെന്നും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നും നിരന്തരമായി പരാതികൾ ഉയർന്നിരുന്നു. ആയതിനാൽ ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ - വനം -വൈദ്യുതി വകുപ്പ് മന്ത്രിമാരുടെ സംയുക്ത സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലും ഈ വിഷയം സംബന്ധിച്ച് ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിലെ തീരുമാനത്തിന്റെ |
| (ബി) | നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിധി 3200 ഹെക്ടറായി നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;മേൽപ്പറയും പ്രകാരം സ്ഥലം ഒഴിവാക്കുന്ന സാഹചര്യത്തിൽ ഉദ്യാനത്തിന്റെ പരിധി 3200 ഹെക്ടറായി നിലനിർത്തുന്നതിന് എപ്രകാരമാണ് സാധിക്കുകയെന്ന് വ്യക്തമാക്കുമോ; | |
| (സി) | മന്ത്രിതല സമിതിയുടെ ശുപാർശപ്രകാരമാണോ മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഒഴിവാക്കിയത്; | |

| | | |
|---|---|---|
| | | അടിസ്ഥാനത്തിലുമാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം നമ്പർ ബ്ലോക്ക് ഒഴിവാക്കിയത് ജോയിസ് ജോർജ്ജ് എം.പിയുടെ കയ്യേറ്റ ഭൂമി സംരക്ഷിക്കുന്നതിനായിട്ടാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ